# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.228** **06.11.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീമതി.സി.കെ. ആശ** | | **ശ്രീ.എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തെ വിദ്യാഭ്യാസപരമായ ഉയർച്ചയിലൂടെ ഒരു ജ്ഞാന സമൂഹമാക്കിത്തീർക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പ് മുഖേന പട്ടികജാതി വിഭാഗത്തിന്റെ വിദ്യാഭ്യാസപരമായ ഉയർച്ചയ്ക്കായി ചുവടെ പറയുന്ന പദ്ധതികൾ പ്രകാരം വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നു.<br>1. പ്രീ മെട്രിക് സ്കോളർഷിപ്പ്<br>2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br>3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്<br>4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100% CSS)<br>5. 9,10 ക്ലാസുകളിലെ പ്രീ മെട്രിക് സ്കോളർഷിപ്പ് (100% CSS)<br>6. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്<br>7. സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം<br>8. ലാപ്ടോപ് വാങ്ങൽ ധനസഹായം<br>9. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്)<br>10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം<br>11. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്<br>12. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി<br>13. പ്രത്യേക പ്രോത്സാഹന സമ്മാനം<br>14. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി<br>15. ബുക്ക്ബാങ്ക് സ്കീം (100% CSS)<br>16. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം<br>17. പഠനമുറി നിർമ്മാണം<br>18. വിദേശ പഠന ധനസഹായം<br>19. ഇതര സംസ്ഥാനങ്ങളിൽ പഠിക്കുന്നവർക്കുള്ള പഠനസഹായം<br>20. നൃത്ത/സംഗീത വിദ്യാർത്ഥികൾക്ക് ആനുകൂല്യം |

| | | | |
|---|---|---|---|
| | | | 21 ബി.ടെക് റെമഡിയൽ കോച്ചിംഗ്<br>കൂടാതെ വിദ്യാഭ്യാസ ഉയർച്ച ലക്ഷ്യമാക്കി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>1. മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/ എം.ആർ. എസ്<br>2. പ്രീ മെട്രിക് ഹോസ്റ്റൽ<br>3. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ<br>4. ഐ.റ്റി.ഐ.കൾ<br>5. പി.ഇ.റ്റി.സി<br>6. CREST<br>7. നേഴ്സറികൾ<br>8. ICSETS<br>9 മെഡിക്കൽ കോളേജ് (പാലക്കാട്) |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഇന്ത്യയിലെ എല്ലാ സർവകലാശാലകളിലും പഠിക്കുന്നതിന് സ്കോളർഷിപ്പ് അനുവദിക്കുമോ; വ്യക്തമാക്കുമോ; | (ബി) | സ.ഉ(അച്ചടി) 50/2009/പജപവവിവ തീയതി 02/07/2009 ഉത്തരവ് പ്രകാരം പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം പ്രവേശനം നേടുന്നവർക്കും, DME, DHS നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നുണ്ട്.<br>NEET ലിസ്റ്റിൽ നിന്ന് സംസ്ഥാന എൻട്രൻസ് കമ്മീഷണർ സ്വാശ്രയ കോളേജുകൾ/ഡീംഡ് യൂണിവേഴ്സിറ്റികൾ എന്നിവയിലെ NRI സീറ്റുകൾ ഒഴികെയുള്ള സീറ്റുകളിലേക്ക് പ്രവേശനം നൽകുന്ന മുഴുവൻ എസ്.സി./എസ്.റ്റി./ഒ.ഇ.സി. വിദ്യാർത്ഥികൾക്കും സംസ്ഥാന സർക്കാർ/ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച നിരക്കിലുള്ള ഫീസും ആനുകൂല്യങ്ങളും നൽകുന്നു. സ.ഉ(എം.എസ്) നമ്പർ 96/2018/പജപവവിവ തീയതി 15/12/2018 ഉത്തരവ് പ്രകാരം കേന്ദ്രസർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, കേന്ദ്ര സർവ്വകലാശാലകൾ, (കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത ഡീംഡ് യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ) പ്രൊഫഷണൽ കോഴ്സുകൾക്ക് പുറമേ മറ്റ് ബിരുദ/ ബിരുദാനന്തര കോഴ്സുകൾക്ക് കേന്ദ്രസർക്കാർ/കേന്ദ്ര |

| | | | |
|---|---|---|---|
| | | | യൂണിവേഴ്സിറ്റികൾ/ബോർഡുകൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴി പ്രവേശനം/അലോട്ട്മെന്റ് ലഭിക്കുന്ന പട്ടികജാതി/ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, നിർദ്ദിഷ്ട നിരക്കിലുള്ള താമസ ഭക്ഷണ ചെലവുകൾ എന്നിവ അനുവദിച്ചു വരുന്നു. |
| (സി) | ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉന്നത പഠനം നടത്തുന്നതിനാവശ്യമായ എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നൽകുന്നതെന്ന് വെളിപ്പെടുത്താമോ; | (സി) | വിദേശത്തെ ഉന്നതനിലവാരം പുലർത്തുന്ന സ്ഥാപനങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ പഠിക്കുന്നതിനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് 04.10.2017-ലെ ജി.ഒ(എം. എസ്) 81/17/പജപവവിവ, 19.03.2019-ലെ ജി.ഒ(എം. എസ്) 22/19/പജപവവിവ ഉത്തരവുകൾപ്രകാരം 25 ലക്ഷംരൂപ വരെ ധനസഹായം നൽകി വരുന്നു. |
| (ഡി) | പട്ടികജാതി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് മുതലായ ഉന്നത മത്സരപരീക്ഷകളിൽ വിജയം കൈവരിക്കുന്നതിന് സഹായകരമായ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ? | (ഡി) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം മണ്ണന്തലയിലുള്ള Institute for Civil Examination Training സൊസൈറ്റിയിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി മുഖേന സിവിൽ സർവീസ് പരീക്ഷാ പരിശീലനം നൽകി വരുന്നു. 2018-19 വർഷം 240 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയുണ്ടായി.<br>കൂടാതെ സിവിൽ പരീക്ഷാ പരിശീലനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ICSETS നടത്തുന്ന പ്രവേശന പരീക്ഷ വഴി തെരെഞ്ഞെടുക്കപ്പെടുന്ന സമർത്ഥരായ 30 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് കേരളത്തിലുള്ള മികച്ച സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുന്നതിലേക്ക് 'ലക്ഷ്യ സ്കോളർഷിപ്പ്' എന്ന പേരിൽ ഒരു പദ്ധതി 2019-20 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**